## എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്
## (ഹാജർ :മിനി വി.പി.)

വിഷയം:- പൊതു വിദ്യാഭ്യാസം – ജീവനം - പ്രൈമറി പ്രഥമാദ്ധ്യാപക തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റ നിയമനം പരിത്യജിക്കുന്നത് - അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. ഈ കാര്യാലയത്തിലെ 19/08/2019 തീയതിയിലെ എ5/11385/19 നമ്പർ ഉത്തരവ്
2. ബന്ധപ്പെട്ട അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം പരിത്യജിച്ചിട്ടുള്ള പത്രികകൾ
3. ജി.ഒ.(പി)39/91/പി&എ.ആർ.ഡി. തീയതി 7/12/1991

## ഉത്തരവ് നമ്പർ എ5/11385/2019 തീയതി: 02/09/2019

പരാമർശം (1) ഉത്തരവ് പ്രകാരം താഴെ പറയുന്ന അദ്ധ്യാപകരെ സ്ഥാനക്കയറ്റം നൽകി പ്രൈമറി പ്രഥമാദ്ധ്യാപക തസ്തികയിൽ നിയമിച്ചിരുന്നു. ടി അദ്ധ്യാപകർ അവർക്ക് ലഭിച്ച സ്ഥാനക്കയറ്റം പരിത്യജിച്ചുകൊണ്ട് പരിത്യാഗപത്രങ്ങൾ ഈ കാര്യാലയത്തിൽ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ചുവടെ ചേർത്തിട്ടുള്ള അദ്ധ്യാപകർ സമർപ്പിച്ച പരിത്യാഗ പത്രങ്ങൾ പരാമർശം (3) ഉത്തരവിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ഇത് സംബന്ധിച്ച വിവരങ്ങൾ സ്കൂൾ മേധാവി സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

| ക്രമ നം. | റാങ്ക് നം. | അദ്ധ്യാപകരുടെ പേരും സ്കൂളും | സ്ഥാനക്കയറ്റം നൽകി നിയമിക്കപ്പെട്ട സ്കൂൾ | സ്ഥാനക്കയറ്റം പരിത്യജിച്ച കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 186 (97-02) | ജയന്തി പി.ജി., പി.ഡി.ടീച്ചർ, എസ്.എൻ.എം. ജി.എൽ.പി.എസ്. കൊട്ടുവള്ളിക്കാട് | ജി.എൽ.പി.എസ്. പാറക്കടവ് | താൽക്കാലികം 31/03/2021 വരെ | |

വിദ്യാഭ്യാസ ഉപ ഡയറക്ടർ
എറണാകുളം

സ്വീകർത്താവ്
1. ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകർക്കും
2. ബന്ധപ്പെട്ട അദ്ധ്യാപകർക്കും

OFFICE OF THE DEPUTY DIRECTOR (EDUCATION) KOCHI-30 ERNAKULAM